# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>മദ്യവിമുക്ത കേരളം</u>

131 ശ്രീ. എം. പി. വിൻസെന്റ്
,, കെ. ശിവദാസൻ നായർ
,, എ. റ്റി. ജോർജ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യവിമുക്ത കേരളം പരിപാടി ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) സ്കൂൾ - കോളേജ് കാമ്പസ്സുകളിൽ മദ്യാസക്തിക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനും മദ്യവിരുദ്ധ നയപരിപാടികൾ എല്ലാ കുടുംബങ്ങളിലും എത്തിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പരിപാടിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) സന്നദ്ധസംഘടനകൾ, സർക്കാർ മാധ്യമങ്ങൾ എന്നിവയുടെ സഹകരണം പ്രസ്തുത പരിപാടിക്ക് പ്രയോജനപ്പെടുത്തുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുവാൻ നടപടി</u>

132 ശ്രീ. ബാബു എം. പാലിശ്ശേരി
'' ജെയിംസ് മാത്യു
'' വി. ചെന്താമരാക്ഷൻ
'' പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുവാൻ മദ്യത്തിന്റെ ലഭ്യത കുറയ്ക്കണമെന്ന സുപ്രീംകോടതി നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ എന്ത് സമീപനം സ്വീകരിച്ചു; വിശദമാക്കാമോ ;

(ബി) മദ്യത്തിന്റെ ലഭ്യത നിയന്ത്രിക്കാനായി ബിവറേജസ് കോർപ്പറേഷൻ കടകളിലും ബാറുകളിലും എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; മദ്യഷോപ്പുകളും ബാറുകളും ഇനി അനുവദിക്കേണ്ടെന്നു തീരുമാനിച്ചിട്ടുണ്ടോ ; ഈ സർക്കാർ എത്ര പുതിയ ബാർ ലൈസൻസുകൾ നൽകുകയുണ്ടായി ; പുതുക്കി നൽകിയവ എത്ര ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന വർഷം ബിവറേജസ് കോർപ്പറേഷൻ വഴി എത്ര തുകയുടെ മദ്യം വിറ്റഴിച്ചു ; പിന്നീട് ഓരോ വർഷവും അത് എത്ര തുകയായി വർദ്ധിച്ചു ; ഈ വർഷം മദ്യ വില്പനയുടെ ടാർജറ്റ് എത്ര തുകയുടേതാണ് ; പ്രസ്തുത ടാർജറ്റ് മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം കൂടുതലാണ് ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>മദ്യാസക്തിക്കെതിരെ ബോധവല്‍ക്കരണം</u>

133 ശ്രീ. വര്‍ക്കല കഹാര്‍
,, പി. എ. മാധവന്‍
,, ലൂഡി ലൂയിസ്
,, വി. റ്റി. ബല്‍റാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മദ്യാസക്തിക്കെതിരായ ബോധവല്‍ക്കരണം വിജയകരമായി നടപ്പാക്കുന്നതിന് എന്തെല്ലാം കര്‍മ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) പ്രസ്തുത പരിപാടികളുടെ സവിശേഷതകളും പ്രവര്‍ത്തന രീതിയും വിശദീകരിക്കുമോ;

(സി) പ്രചാരണങ്ങള്‍ ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉള്‍പ്പെടുത്തിയിരിക്കുന്നതെന്നും ആരുടെയെല്ലാം സഹകരണമാണ് ഇതിനായി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>പുതുതായി അനുവദിച്ച ബാർലൈസൻസ്</u>

134 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ബാറുകൾക്ക് പുതുതായി ലൈസൻസ് നൽകി എന്നറിയിക്കുമോ; പ്രസ്തുത ബാറുകൾ ഏതെല്ലാം സ്റ്റാർ നിലവാരമുള്ളവയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം അനുവദിച്ച വൈൻ, ബിയർ പാർലറുകൾ എത്രയാണെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>പുതുതായി ബാർ ലൈസൻസ്</u>

135 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ബാറുകൾക്ക് അനുമതി നൽകിയെന്ന ജില്ല തിരിച്ചുള്ള വിവരം നൽകുമോ;

(ബി) ബാർ ലൈസൻസ് ലഭിച്ചവരുടെ മേൽവിലാസം ഉൾപ്പെടെയുള്ള വിവരം നൽകുമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

## ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവിൽപ്പന

136 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന മദ്യത്തിന്റെ വില വർധിപ്പിക്കാൻ സർക്കാർ അനുവാദം നല്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ശതമാനം വർധനയാണ് അംഗീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന മദ്യത്തിന് എത്ര ശതമാനം വർധന നല്കുകയുണ്ടായി; ഏതെല്ലാം ഘട്ടത്തിൽ;

(സി) മദ്യത്തിന്റെ വില കൂടുന്നതു വഴി മദ്യഉല്പാദനക്കമ്പനികൾക്കു ലഭിക്കുന്ന അധിക നേട്ടം സംബന്ധിച്ച് കഴിഞ്ഞ മൂന്ന് വർഷത്തെ ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിന്റെയടിസ്ഥാനത്തിൽ കണക്കുകൾ വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം ബിവറേജസ് കോർപ്പറേഷൻ, സംസ്ഥാനത്ത് പുതുതായി ഔട്ട്ലറ്റുകൾ ഒന്നും സ്ഥാപിക്കുകയില്ലെന്നും നേരത്തെ സ്ഥാപിക്കാനുണ്ടായിരുന്ന തീരുമാനം റദ്ദ് ചെയ്യുന്നതിനും തീരുമാനിച്ചിരുന്നുവോ;

(ഇ) എന്നാലതിനു വിരുദ്ധമായി പുതിയ സൂപ്പർ മാർക്കറ്റ് ആരംഭിക്കാൻ കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ നിലപാട് മാറ്റത്തിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ;

(എഫ്) മദ്യപാനത്തെ പ്രോത്സാഹിപ്പിക്കാനായുള്ള നിർദ്ദിഷ്ട സൂപ്പർമാർക്കറ്റുകൾ ഏതെല്ലാമാണ്; ഇവ സ്ഥാപിക്കുന്നതിന് കോർപ്പറേഷനുണ്ടായ ചെലവ് എത്ര വീതം; വിശദമാക്കുമോ?

## കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവിപണനം

137 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011–2012, 2012–2013, 2013–2014 സാമ്പത്തിക വർഷങ്ങളിൽ ബിവറേജസ് കോർപ്പറേഷൻ വിവിധയിനം മദ്യം, ബീയർ എന്നിവ വാങ്ങിയത് സംബന്ധിച്ച മൊത്ത കണക്കുകൾ വിശദമാക്കാമോ ; ഓരോ വർഷവും എത്ര കോടി രൂപയുടെ മദ്യം വാങ്ങുകയുണ്ടായി ; ഓരോ വർഷവും നികുതി ഇനത്തിൽ ലഭിച്ച ആകെ തുക എത്ര ;

(ബി) ടി കാലയളവിൽ മദ്യത്തിന്റെ വില എത്ര തവണ വർദ്ധിപ്പിച്ചു കൊടുത്തു ; മദ്യവില വർദ്ധിപ്പിച്ചു നല്കിയത് വഴി ഓരോ വർഷവും മദ്യക്കമ്പനികൾക്ക് ലഭിച്ച അധിക തുക എത്ര ; നികുതി വരുമാനത്തിൽ സർക്കാരിന് ലഭിച്ച അധിക വരുമാനം എത്ര ;

(സി) പ്രസ്തുത കാലയളവിൽ ഓരോ വർഷവും കോർപ്പറേഷൻ വാങ്ങിയ മൊത്തം മദ്യം എത്ര ; മദ്യവിപണനം വർദ്ധിക്കുകയുണ്ടായോ ; കുറയുകയുണ്ടായോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

നീര ടോഡി ബോർഡ്

138 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നീര ടോഡി ബോർഡ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ബോർഡിന്റെ സാദ്ധ്യത, ഘടന എന്നിവയെക്കുറിച്ച് പഠനം നടത്താനുദ്ദേശിക്കുന്നുണ്ടോ;

(ഡി) പ്രസ്തുത പഠനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>വ്യാജ മദ്യ നിയന്ത്രണം</u>

139 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഘോഷങ്ങളുമായി ബന്ധപ്പെട്ട് വ്യാജ മദ്യ വിൽപന നിയന്ത്രിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വ്യാജമദ്യ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) പ്രസ്തുത കേസുകളിൻമേലുള്ള തുടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

വ്യാജമദ്യ നിർമ്മാണം, വിപണനം

140 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വ്യാജമദ്യം കഴിച്ച് മരണപ്പെട്ടവർ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) വ്യാജമദ്യനിർമ്മാണവും വിപണനവും, കൈവശം വയ്ക്കലുമുൾപ്പെടെ ഈ വർഷം രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ എത്ര; എല്ലാ കേസുകളിലുമായി പ്രതികൾ എത്ര; അറസ്റ്റ് ചെയ്യപ്പെട്ടിട്ടില്ലാത്ത പ്രതികൾ എത്ര; വിശദമാക്കാമോ;

(സി) എത്ര കേസുകൾ എഴുതി തള്ളുകയുണ്ടായി;

(ഡി) ബിവറേജസ് കോർപ്പറേഷന് മദ്യം നൽകുന്ന ഏതെങ്കിലും കമ്പനിയുടെ മദ്യം വ്യാജമായി വില്പന നടത്തിയതിന് കേസെടുക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ ഏത് കമ്പനിക്കെതിരെ;

(ഇ) ബിവറേജസ് കോർപ്പറേഷൻ വഴിയല്ലാതെ ഏതെങ്കിലും കമ്പനിയുടെ വിദേശമദ്യം അനധികൃതമായി വില്പന നടക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

കള്ളിലെ രാസഘടകങ്ങളെക്കുറിച്ചുള്ള പഠനം

141 ശ്രീ. വി. എസ്. സുനിൽ കുമാർ
,, കെ. അജിത്
,, ജി. എസ്. ജയലാൽ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കള്ളിലെ രാസഘടകങ്ങളെക്കുറിച്ച് ശാസ്ത്രീയമായ പഠനങ്ങൾ നടത്തുന്നതിന് നിയോഗിച്ചിരുന്ന വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഈ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) കള്ളിലെ രാസഘടകങ്ങൾ എന്തെല്ലാമാണെന്നും അവയുടെ അളവ് എത്ര വീതമാണെന്നും കണ്ടെത്തിയിട്ടുണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(സി) കള്ളിൽ ഈഥൈൽ ആൽക്കഹാളിന്റെ അളവ് എത്രയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) ഈ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ രാസ പരിശോധന</u>

142 ശ്രീ. വി. എസ്. സുനിൽ കുമാർ
,, പി. തിലോത്തമൻ
,, ചിറ്റയം ഗോപകുമാർ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ സാമ്പിളുകൾ പരിശോധനയ്ക്കായി ശേഖരിക്കുമ്പോൾ പണം നൽകി രസീതു വാങ്ങണമെന്ന് ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ ഒരു ഉത്തരവ് നൽകാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ;

(ബി) എത്ര അളവുകളിലാണ് സാമ്പിൾ ശേഖരിച്ചിരുന്നത്; ഇതിന് മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ;

(സി) മദ്യശാലകളിൽ മദ്യം വിളമ്പുന്നതിന് വനിതകൾക്ക് അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ ഈ തീരുമാനത്തിൽ എന്തെങ്കിലും മാറ്റം ഇപ്പോൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇപ്പോഴത്തെ തീരുമാനം എന്താണെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാന തീരദേശ കപ്പൽ ഗതാഗത പദ്ധതി</u>

143 ശ്രീ. ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. മുരളീധരൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മത്സ്യബന്ധന മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് കാർഗോയ്ക്കും, യാത്രക്കാർക്കും നൽകുന്ന ഇൻസെന്റീവ് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് തുറമുഖ വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>കപ്പല്‍ ഗതാഗതം</u>

144 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ തീരദേശ പട്ടണങ്ങളെ ബന്ധിപ്പിച്ച് കപ്പല്‍ ഗതാഗതം നടപ്പിലാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സര്‍ക്കാര്‍ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി ഏതെല്ലാം തുറമുഖങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതി എന്ന് പൂര്‍ത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങള്‍ നല്‍കാമോ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

ജലമാർഗ്ഗ ചരക്കുഗതാഗതം

145 ശ്രീ. സി. മോയിൻകുട്ടി
,, പി. ബി. അബ്ദുൾ റസാക്
,, സി. മമ്മൂട്ടി
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലമാർഗ്ഗമുള്ള ചരക്കുഗതാഗതം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ചെറുകിട തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്താമോ;

(സി) ജലമാർഗ്ഗ ചരക്കുഗതാഗത പോഷണത്തിന് സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

2013-14 തുറമുഖ വകുപ്പിന്റെ ബജറ്റ് വിഹിതം

146 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തിൽ തുറമുഖ വകുപ്പിന് വേണ്ടി ബജറ്റിൽ വകയിരുത്തിയ തുക എത്രയെന്നും ആയതിൽ നാളിതുവരെ എത്ര ശതമാനം ചെലവഴിച്ചു വെന്നും വിശദീകരിക്കാമോ;

(ബി) എന്തൊക്കെ കാര്യങ്ങൾക്കായാണ് പ്രസ്തുത തുക വക യിരുത്തിയിട്ടുള്ളതെന്നും ആയതിന്റെ ചെലവിന്റെ വിശ ദാംശവും വ്യക്തമാക്കാമോ;

(സി) ഓരോ ഇനത്തിലും ചെലവഴിക്കാതിരുന്നിട്ടുള്ള തുക സമയബന്ധിതമായി ചെലവഴിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

<u>വിഴിഞ്ഞം തുറമുഖ പദ്ധതി</u>

147 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണ കരാറിനുള്ള ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി എന്നാണ്; എത്ര സ്ഥാപനങ്ങൾ കരാറിൽ പങ്കെടുക്കാൻ തയാറായിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിയുടെ എല്ലാ ഘട്ടങ്ങൾക്കും പരിസ്ഥിതി അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) വനം-പരിസ്ഥിതി മന്ത്രാലയം നിയോഗിച്ച സമിതി, പദ്ധതി നടപ്പിലാക്കുമ്പോൾ പാലിക്കുന്നതിനായി മുന്നോട്ട് വെച്ച നിബന്ധനകൾ എന്തെല്ലാമാണ്;

(ഡി) പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ആദ്യഘട്ടത്തിന് ലഭിച്ച അന്തിമ അനുമതിയുടെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(ഇ) പദ്ധതി പ്രവർത്തനത്തിന് സംസ്ഥാനം പാലിക്കേണ്ടതായ വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കുന്നതിന് ഉൾപ്പെടെ ആകെ എന്ത് തുക ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു; അതിനായി തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയിൽ അവശേഷിക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>വിഴിഞ്ഞം തുറമുഖ പദ്ധതി</u>

148 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

മത്സ്യബന്ധനവകുപ്പിന്റെ 2012-13 ബഡ്ജറ്റ് വിഹിതം

149 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവൂം എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ ഫിഷറീസ് വകുപ്പിനുവേണ്ട ബജറ്റിൽ വകയിരുത്തിയ തുകയിൽ എത്ര ശതമാനം ചെലവഴിച്ചു ;

(ബി) എന്തൊക്കെ കാര്യങ്ങൾക്കായാണ് പ്രസ്തുത തുക ചെലവഴിച്ചതെന്ന് വിശദീകരിക്കുമോ ;

(സി) എത്ര ശതമാനം തുക ചെലവഴിക്കാതെയുണ്ട് ; ചെലവഴിക്കാതിരിക്കാനുള്ള കാരണങ്ങളുടെ വിശദാംശം വ്യക്തക്കാമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>'പുതിയാപ്പ' ഫിഷിങ് ഹാർബർ</u>

150 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോഴിക്കോട് ജില്ലയിലെ 'പുതിയാപ്പ' ഫിഷിങ് ഹാർബറിൽ എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; ഇതിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളും തുകയും എത്ര എന്ന് വെളിപ്പെടുത്താമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഏതെല്ലാം ആരംഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഫിഷിങ് ഹാർബറിന്റെ വികസനത്തിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അനുമതിക്കായി ഏതൊക്കെ പദ്ധതികളാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>കൊച്ചി ഔട്ടർ ഹാർബർ പദ്ധതി</u>

151 ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ ഔട്ടർ ഹാർബർ പദ്ധതി ആരംഭിക്കുന്നതു സംബന്ധിച്ച തീരുമാനം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതു സംബന്ധിച്ച് ഏതെങ്കിലും ഏജൻസി പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

റിസർവോയർ ഫിഷറീസ് ഡെവലപ്മെന്റ് പ്രോഗ്രാം

152 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം അണക്കെട്ടുകളിലാണ് 'റിസർവോയർ ഫിഷറീസ് ഡെവലപ്മെന്റ് പ്രോഗ്രാം' നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അണക്കെട്ടുപ്രദേശത്ത് താമസിക്കുന്ന പട്ടിക വർഗ്ഗക്കാർ ഉൾപ്പെടെയുള്ള ജനങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) വയനാട് ജില്ലയിലെ എതെല്ലാം അണക്കെട്ടുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതി

153 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-2014 സാമ്പത്തിക വർഷത്തിൽ കുട്ടനാട് നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുന്ന റിപ്പോർട്ട് ലഭ്യമാക്കാമോ;

(ബി) ടി പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ ഏതെല്ലാം റോഡുകൾക്ക് ഇനിയും ഭരണാനുമതി ലഭ്യമാക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>മത്സ്യമാർക്കറ്റുകളുടെ നവീകരണം</u>

154 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മത്സ്യമാർക്കറ്റുകളാണ് ഈ സാമ്പത്തിക വർഷം നവീകരിക്കുന്നത്. ഇവ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ; ഓരോ മാർക്കറ്റിനും അനുവദിച്ച തുക എത്രയെന്ന് അറിയിക്കാമോ;

(ബി) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഏതെല്ലാം മാർക്കറ്റുകളാണ് നവീകരണത്തിന് ഉൾപ്പെടുത്തിയിരിക്കുന്നത്; ഇതു സംബന്ധിച്ച് നൽകിയിരുന്ന നിവേദനത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>മത്സ്യസമ്പത്തിന്റെ സ്ഥിതി</u>

155 ശ്രീ. പി. തിലോത്തമൻ
,, ചിറ്റയം ഗോപകുമാർ
,, ജി. എസ്. ജയലാൽ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീര സമുദ്രത്തിലും പുഴകൾ ഉൾപ്പെടെയുള്ള ജലാശയങ്ങളിലും മത്സ്യസമ്പത്ത് ക്രമാതീതമായി കുറയുന്നതായും ശുദ്ധജല മത്സ്യങ്ങളിൽ മിക്കവയും വംശനാശം നേരിടുന്നതായുമുള്ള പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിന്റെ കടൽത്തീരം മത്സ്യബന്ധനത്തിന് അനുയോജ്യമല്ലാതായിത്തീർന്നിരിക്കുന്നുവെന്ന് അന്താരാഷ്ട്ര ഫിഷറീസ് സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ സർവ്വേയിലെ സംസ്ഥാനത്തെ സംബന്ധിച്ചുള്ള മറ്റ് കണ്ടെത്തലുകൾഎന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) കടൽ മത്സ്യ കയറ്റുമതിയിൽ കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ഇപ്പോൾ വൻകുറവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനത്തിന്റെ കുറവാണ് ഉണ്ടായിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്പോൾ എത്ര ട്രോളറുകൾക്കും ഇരട്ടക്കണ്ണി വലകൾ ഉപയോഗിക്കുന്ന ബോട്ടുകൾക്കും ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>സുനാമി പുനരധിവാസ പദ്ധതി - ഫണ്ട് വിനിയോഗം</u>

156 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി കേന്ദ്രം അനുവദിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഫണ്ട് വിനിയോഗിക്കാത്തത് മൂലം തീര പ്രദേശങ്ങളിൽ വ്യാപകമായ കടൽക്ഷോഭം നിയന്ത്രിക്കാൻ സാധിക്കുന്നില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>മത്സ്യബന്ധനാവശ്യത്തിനുള്ള ഇന്ധനം</u>

157 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുവാൻ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) മത്സ്യബന്ധനാവശ്യത്തിന് മണ്ണെണ്ണ ലഭ്യമാക്കുവാൻ തീരമേഖലയിൽ മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>മത്സ്യഫെഡ് വഴി കക്കാശേഖരണം</u>

158 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കക്കാവാരുന്ന തൊഴിലാളികളെ മത്സ്യത്തൊഴിലാളികളായി അംഗീകരിച്ചിട്ടുണ്ടോ ;

(ബി) വൈക്കത്തെ കക്കാത്തൊഴിലാളികൾ ശേഖരിച്ചിട്ടുള്ള കക്ക വിൽക്കാനാവാതെ കൂടിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മത്സ്യഫെഡ് പോലുള്ള സഹകരണ സ്ഥാപനങ്ങൾ കക്ക ശേഖരിച്ച് തൊഴിലാളികളെ സഹായിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>മത്സ്യവിപണന സംവിധാനം</u>

159 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മത്സ്യത്തൊഴിലാളികള്‍ പിടിക്കുന്ന മത്സ്യത്തിനു തറവില നിശ്ചയിച്ച് ശേഖരിക്കുവാനും, സ്റ്റോറേജ് സൗകര്യത്തോടെ സംസ്ക്കരിച്ചു വില്പന നടത്തുവാനും 'മില്‍മ' മോഡല്‍ സംവിധാനം ഒരുക്കുവാന്‍ നടപടി സ്വീകരിക്കുമോ;

(ബി) മത്സ്യബന്ധനമേഖലയില്‍ ഇടനിലക്കാരെ ഒഴിവാക്കി മത്സ്യത്തൊഴിലാളികള്‍ക്ക് അവരുടെ അദ്ധ്വാനത്തിന്റെ ശരിയായ വില ലഭിക്കുവാനും, ന്യായമായ വിലയ്ക്ക് ജനങ്ങള്‍ക്കു മത്സ്യം ലഭിക്കുവാനും സംവിധാനങ്ങള്‍ ഉണ്ടാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി കടാശ്വാസ നിയമം</u>

160 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടിണിയിലും ദാരിദ്ര്യത്തിലും കഴിയുന്ന മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസമേകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളി കടാശ്വാസനിയമപ്രകാരമുള്ള സംരക്ഷണം കടക്കെണിയിലായ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോ;

(സി) ഈ സർക്കാരിന്റെ കാലത്ത് മത്സ്യത്തൊഴിലാളി കടാശ്വാസ നിയമപ്രകാരം എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്

161 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പാക്കിവരുന്ന ക്ഷേമ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് വിവാഹധന സഹായം, മരണാനന്തര സഹായം, അപകടമരണ സഹായം എന്നീ പദ്ധതികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ;

(സി) ക്ഷേമനിധി ബോർഡ് നടപ്പാക്കുന്ന ഏതെങ്കിലും ക്ഷേമ പദ്ധതികൾ പ്രകാരമുളള തുക കുടിശ്ശികയായിട്ടുണ്ടെങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ</u>

162 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ടോ; എങ്കിൽ വിശദീകരിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്; എന്നത്തേയ്ക്ക് കമ്മീഷൻ പ്രവർത്തനം പുനഃരാരംഭിക്കും ;

(ബി) 2011-12, 12-13, 13-14 സാമ്പത്തിക വർഷങ്ങളിൽ കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്തപ്രകാരം കടം എഴുതിത്തള്ളുന്നതിന് എത്ര തുക അനുവദിച്ചു; എത്ര പേർക്ക് പ്രസ്തുത തുക ലഭ്യമായെന്നു വിശദീകരിക്കുമോ;

(സി) മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം എത്ര പേർക്ക് എത്ര തുക അനുവദിച്ചു എന്നറിയിക്കുമോ;

(ഡി) ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം 5 ലക്ഷം രൂപയായി ഉയർത്തുമോ;

(ഇ) ഭവന നിർമ്മാണത്തിനു പുതിയ പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>പീലിങ്ങ് തൊഴിലാളി ക്ഷേമം</u>

163 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പീലിങ്ങ് തൊഴിലാളികളുടെ ക്ഷേമത്തിനായി പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റി എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത് ;

(ബി) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം വീണ്ടും ഒരു കമ്മിറ്റിയെ പഠനത്തിനായി നിയോഗിക്കാൻ എന്താണ് കാരണം ; എന്നാണ് നിയോഗിച്ചത് ;

(സി) ഈ സർക്കാർ നിയോഗിച്ച കമ്മിറ്റി എത്ര തവണ യോഗം ചേർന്നു; എവിടൊക്കെ വച്ച് തെളിവെടുപ്പ് നടത്തി ;

(ഡി) എന്തെങ്കിലും ശുപാർശകൾ നൽകിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ റിപ്പോർട്ട് അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>പോള നീക്കം ചെയ്യൽ പദ്ധതി</u>

164 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിർമ മുഖാന്തിരം ഏതെല്ലാം ജലാശയങ്ങളിലെ പോള 2013-2014 സാമ്പത്തികവർഷത്തിൽ നീക്കം ചെയ്തു എന്ന് വ്യക്തമാക്കാമോ;

(ബി) ടി പദ്ധതിക്കായി ഓരോ ജലാശയങ്ങൾക്കും എത്ര രൂപാ വീതം ചെലവായി എന്നും എത്ര ദിവസം എത്ര മെഷീനുകൾ വീതം ഉപയോഗിച്ചു എന്നും വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ഫിർമ മുഖേന പോള വാരുന്ന പദ്ധതി</u>

165 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിർമ മുഖേന പോളവാരുന്നതിന് 2013-'14 സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കുന്ന റിപ്പോർട്ട് ലഭ്യമാക്കാമോ;

(ബി) പോളവാരുന്നതിന് നാളിതുവരെ ബോംബെ ജെ. സി. ബി. എർത്ത് മൂവേഴ്സ് കമ്പനിക്ക് എത്ര തുക നൽകിയിട്ടുണ്ടെന്നും എത്ര തുക നൽകാനുണ്ടെന്നും വിശദമാക്കാമോ;

(സി) ടി കമ്പനിയുമായുള്ള കരാറിന്റെ കാലാവധി എന്ന് വരെയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>കണ്ണൂര്‍ ഇന്റര്‍നാഷണല്‍ എയര്‍പോര്‍ട്ട് കമ്പനി</u>

166 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ഇന്റര്‍നാഷണല്‍ എയര്‍പോര്‍ട്ട് കമ്പനിയുടെ ഓഥറൈസ്ഡ് ഷെയര്‍ ക്യാപിറ്റല്‍, 31.12.2013 വരെയുള്ള പെയ്ഡ് അപ് ക്യാപിറ്റല്‍ എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഒരു സ്വകാര്യവ്യക്തിക്കോ സ്വകാര്യകമ്പനിക്കോ എയര്‍പോര്‍ട്ട് കമ്പനി നല്‍കുന്ന പരമാവധി ഷെയര്‍ തുക എത്രയാണ്;

(സി) സര്‍ക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും ഇതിനകം കമ്പനിയില്‍ എന്ത് തുകയുടെ വീതം ഷെയറുകള്‍ എടുത്തിട്ടുണ്ട്; ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങള്‍, എത്ര തുകവീതം; വ്യക്തമാക്കാമോ;

(ഡി) ഒരു കോടി രൂപയില്‍ കൂടുതല്‍ വരുന്ന ഷെയറുകള്‍ക്ക് വേണ്ടി എയര്‍പോര്‍ട്ട് കമ്പനിയില്‍ അപേക്ഷ നല്‍കിയ വ്യക്തികളും സ്വകാര്യകമ്പനികളും എത്ര; ഇതില്‍ ആര്‍ക്കെല്ലാം എന്തുതുകവീതം ഉള്ള ഷെയറുകള്‍ അനുവദിക്കുകയുണ്ടായി;

(ഇ) 25% തുകയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം 2011 ജനുവരി 31 വരെ മൊത്തം എത്രപേരുടെ, എത്ര തുകയ്ക്കുള്ള ഷെയറുകള്‍ക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടായിരുന്നു; അവര്‍ക്കെല്ലാം ഷെയറുകള്‍ അനുവദിച്ചിട്ടുണ്ടോ;

(എഫ്) കമ്പനിയുടെ ഷെയറുകള്‍ അനുവദിക്കുന്നത് സംബന്ധിച്ച് ഒടുവില്‍ സ്വീകരിച്ച പൊതുമാനദണ്ഡം എന്താണ്; വിശദമാക്കാമോ?

## കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>കണ്ണൂര്‍ എയര്‍പോര്‍ട്ട് - പ്രോജക്ട് റിപ്പോര്‍ട്ട്</u>

167 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ എയര്‍പോര്‍ട്ടിന്റെ പ്രോജക്ട് റിപ്പോര്‍ട്ട് റിവൈസ് ചെയ്തത് എപ്പോഴായിരുന്നു; റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം നിര്‍മ്മാണ ചെലവ് ഏതെല്ലാം ഇനത്തില്‍ എത്ര കോടി വീതമായിരുന്നു എന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികള്‍ക്ക് ടെണ്ടര്‍ വിളിക്കുകയുണ്ടായി; ടെണ്ടര്‍ ഡോക്യുമെന്റ് പ്രകാരം ഓരോന്നിന്റെയും കണക്കാക്കപ്പെട്ടിരുന്ന നിര്‍മ്മാണ ചെലവ് എത്രയായിരുന്നു;

(സി) അവാര്‍ഡ് ചെയ്ത വര്‍ക്കുകള്‍ക്ക് ക്വോട്ട് ചെയ്യപ്പെട്ട തുകയുടെ അടിസ്ഥാനത്തില്‍, എസ്റ്റിമേറ്റ് തുകയേക്കാള്‍ ടെണ്ടര്‍ തുക എത്ര ശതമാനം വര്‍ദ്ധനയോട് കൂടിയതാണ്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

കണ്ണൂര്‍ അന്താരാഷ്ട്ര വിമാനത്താവള നിര്‍മ്മാണ പ്രവൃത്തികള്‍

168 ശ്രീ. കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ക്കായുള്ള എന്തെല്ലാം കരാറുകള്‍ ഇതിനകം ഒപ്പ് വെച്ചിട്ടുണ്ട്;

(ബി) ഇതിനായുള്ള ടെണ്ടറില്‍ പ്രപ്പോസല്‍ സമര്‍പ്പിച്ചത് ഏതെല്ലാം സ്ഥാപനങ്ങളായിരുന്നു;

(സി) ഇതില്‍ സാമ്പത്തിക ടെണ്ടര്‍ സമര്‍പ്പിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങള്‍ ഏതൊക്കെയായിരുന്നു; അവയുടെ പേര് വിവരങ്ങള്‍ വെളിപ്പെടുത്തുമോ;

(ഡി) ഓരോ സ്ഥാപനവും ക്വാട്ട് ചെയ്ത തുകകള്‍ സംബന്ധിച്ച വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ;

(ഇ) ക്വാട്ട് ചെയ്ത സ്ഥാപനങ്ങളുടെ ടെണ്ടര്‍ പരിശോധിച്ച കമ്മിറ്റിയിലെ അംഗങ്ങള്‍ ആരൊക്കെയായിരുന്നു; കമ്മിറ്റി എത്ര തവണ യോഗം ചേര്‍ന്നു; ടെണ്ടര്‍ അംഗികരിച്ചുകൊണ്ടുള്ള കമ്മിറ്റിയുടെ തീരുമാനത്തിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ;

(എഫ്) സാമ്പത്തിക ടെണ്ടറില്‍ പങ്കെടുത്ത കമ്പനികളുടെ പ്രതിനിധികളുമായി സംസ്ഥാനത്തിന് പുറത്തുവച്ച് ചര്‍ച്ച നടത്താന്‍ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നുവോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

ആറന്മുള അന്താരാഷ്ട്ര വിമാനത്താവളപദ്ധതിക്കു നൽകിയ പരിസ്ഥിതി അനുമതി

169 ശ്രീ. പി. കെ. ഗുരുദാസൻ
,, രാജു എബ്രഹാം
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറന്മുള അന്താരാഷ്ട്ര വിമാനത്താവളപദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നൽകിയ പരിസ്ഥിതി അനുമതി പിൻവലിക്കാൻ സംസ്ഥാനസർക്കാർ ആവശ്യപ്പെടുമോ;

(ബി) കിറ്റ്കോ തയാറാക്കി നൽകിയ റിപ്പോർട്ടിൽ കെ.ജി.എസ്. കമ്പനി കൃത്രിമം നടത്തി സമർപ്പിച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നെൽവയൽ നികത്തി വിമാനത്താവളം നിർമ്മിക്കുന്നത് നിലവിലുള്ള നയങ്ങൾക്കും ജനതാത്പര്യത്തിനും നിയമങ്ങൾക്കും വിരുദ്ധമാണെന്ന കാര്യവും ജനങ്ങളുടെ ശക്തമായ പ്രതിഷേധവും സംസ്ഥാനസർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ 74 നിയമസഭാസാമാജികരുടെയും, വിവിധ രാഷ്ട്രീയപ്പാർട്ടികളുടെയും പ്രതിനിധികൾ ഉൾപ്പെട്ട പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും, സ്ഥലത്തെ ജനങ്ങളുടെയും വിമാനത്താവളത്തിനെതിരെയുള്ള ശക്തമായ എതിർപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച വിശദീകരണക്കുറിപ്പുകൾ പിൻവലിക്കുന്നതിനും, പരിസ്ഥിതി അനുമതി പിൻവലിപ്പിക്കാനും നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

ആറന്മുള വിമാനത്താവളവുമായി ബന്ധപ്പെട്ട നടപടികൾ

170 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവളവുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടംവരെയായി എന്ന് വിശദമാക്കുമോ ;

(ബി) എത്ര ഹെക്ടർ സ്ഥലമാണ് ആയതിനുവേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് ; ഇതിൽ കരഭൂമി, വയൽ, നീർത്തടങ്ങൾ, ജനവാസമേഖല എന്നിവ എത്ര ഹെക്ടർ വീതമാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിമാനത്താവളത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ എത്ര കുടുംബങ്ങളെയാണ് ഒഴിപ്പിക്കേണ്ടി വരുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ ഔദ്യോഗിക നയം വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**06.01.2014-ലെ മറുപടിക്ക്**

<u>എയര്‍ കേരള പദ്ധതി</u>

171 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എയര്‍ കേരള പദ്ധതി ഇപ്പോള്‍ ഏതു ഘട്ടത്തിലാണെന്നു വിശദീകരിക്കാമോ;

(ബി) എയര്‍ലൈന്‍ സര്‍വ്വീസുകള്‍ ആരംഭിക്കുന്നതിന് ഡയറക്ടര്‍ ജനറ ാഫ് ല്‍ ഒ സിവില്‍ ഏവിയേഷന്റെ എന്‍.ഒ.സി. ലഭിക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവെന്നു വിശദമാക്കുമോ?